**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മരട് നഗരസഭ - ശുചീകരണ തൊഴിലാളികളുടെ അഞ്ച് അധിക തസ്തിക അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1945/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.06.2015

പരാമർശം:-
1) 27.12.2010-ലെ സ.ഉ. (എം.എസ്) നം. 310/2010/തസ്വഭവ.
2) മരട് നഗരസഭാ കൗൺസിലിന്റെ 17.02.2012-ലെ IV(4)-൧൦ നമ്പർ തീരുമാനം.
3) മരട് നഗരസഭാ സെക്രട്ടറിയുടെ 22.02.2012-ലെ ജി1-7637/11 നമ്പർ കത്ത്.
4) മരട് നഗരസഭാ ചെയർമാന്റെ 06.03.2015-ലെ ജി1-7637/11 നമ്പർ അപേക്ഷ.
5) നഗരകാര്യ ഡയറക്ടറുടെ 09.06.2015-ലെ ഇ2-2368/13 നമ്പർ കത്ത്.

**ഉത്തരവ്**

മരട് നഗരസഭയിൽ വർദ്ധിച്ചു വരുന്ന മാലിന്യ പ്രശ്നങ്ങൾ കണക്കിലെടുത്ത്, മാലിന്യം നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിന് പരാമർശം (1) പ്രകാരം അനുവദിച്ച നിലവിലുള്ള ശുചീകരണ തൊഴിലാളികളുടെ എണ്ണം അപര്യാപ്തമായതിനാൽ അഞ്ച് അധിക ശുചീകരണ തൊഴിലാളികളുടെ തസ്തിക കൂടി അനുവദിക്കണമെന്ന് പരാമർശം (2)-ലെ കൗൺസിൽ തീരുമാനത്തിന് വിധേയമായി പരാമർശം (3) പ്രകാരം മരട് നഗരസഭാ സെക്രട്ടറിയും പരാമർശം (4) പ്രകാരം മരട് നഗരസഭാ ചെയർമാനും അപേക്ഷിച്ചിരുന്നു.

കേവലം അഞ്ച് ശുചീകരണ വിഭാഗം തൊഴിലാളികൾ മാത്രം നിലവിലുള്ള മരട് നഗരസഭയിൽ അഞ്ച് അധിക തസ്തികകൾ കൂടി അനുവദിച്ചു നൽകണമെന്ന അപേക്ഷ ന്യായമാണെന്നും, താരതമ്യേന നഗരവൽക്കരണം കൂടുതലുള്ള മരട് മുനിസിപ്പാലിറ്റിയുടെ വിസ്തീർണ്ണം 12.ച.കി.മീറ്ററാണെന്നും മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക സ്ഥിതി താരതമ്യേന മെച്ചപ്പെട്ടതാണെന്നും പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരട് നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെയും നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെയും

അടിസ്ഥാനത്തിൽ മരട് നഗരസഭയിൽ അഞ്ച് (5) അധിക ശുചീകരണ തൊഴിലാളികളുടെ തസ്തികകൂടി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**എച്ച്. സൈമൺ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, മരട് മുനിസിപ്പാലിറ്റി.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**